# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് അറുപത്തെട്ട്

## ദൈവപ്രകൃതമനുസരിച്ചു ജീവിക്കുന്നത്

Tue ▬ വേദപുസ്തകത്തിലെ ദിവ്യ വെളിപാടിന്റെ ദൃഷ്ടികേന്ദ്രം പുത്രത്വമാണ്. തന്നെ ആവിഷ്കരിക്കുക എന്നതാണ് ദൈവത്തിന്റെ ഉദ്ദേശ്യം. തന്റെ ആവിഷ്കാരം ഉണ്ടാകേണ്ടതിന് അവന് അനേകം പുത്രന്മാരുണ്ടായിരിക്കണം. രക്ഷയാണ് ദൈവത്തിന്റെ വെളിപാടിന്റെ കേന്ദ്രമെന്നു ചിന്തിക്കരുത്. അവന്റെ വെളിപാടിന്റെ കേന്ദ്രം പുത്രത്വമാണ്. ദൈവത്തിന് അനേകം പുത്രന്മാർ വേണം. തന്റെ ഏകജാതനായ പുത്രനെ ദൈവം ലോകത്തിലേക്ക് അയച്ചപ്പോൾ, അവനെ തന്റെ ആദ്യജാതനായ പുത്രനാക്കിക്കൊണ്ട് അവനിലൂടെ അനേകം പുത്രന്മാരെ ജനിപ്പിക്കുക എന്നതായിരുന്നു അവന്റെ ഉദ്ദേശ്യം. ഒന്നാം പ്രാവശ്യം കർത്താവായ യേശു ദൈവത്തിന്റെ ഏകജാതനായ പുത്രനായി വന്നുവെങ്കിലും, അവൻ രണ്ടാം പ്രാവശ്യം വരുമ്പോൾ ആദ്യജാതനായ പുത്രനായി വരും (എബ്രാ. 1:6). ആദ്യജാതനായ പുത്രനായിരിക്കുകയെന്നാൽ അവൻ അനേകം പുത്രന്മാരിൽ ഒന്നാമൻ, അനേകം പുത്രന്മാരിൽ ആദ്യജാതനായ പുത്രൻ എന്നാണ് അർഥമാക്കുന്നത് (റോമ. 8:29).

### പുത്രത്വത്തിന്റെ സവിശേഷത

വേദപുസ്തകത്തിൽ, പുത്രത്വത്തിന്റെ സവിശേഷത പിതാവിന്റെ ആവിഷ്കാരമാണ്. ഒരു മകൻ എപ്പോഴും തന്റെ അപ്പനെ ആവിഷ്കരിക്കുന്നു. നാം ഒരു ആൺകുട്ടിയെ നോക്കുമ്പോൾ നാം അവനിൽ അവന്റെ അപ്പന്റെ ആവിഷ്കാരം കാണുന്നു. ഒരു മനുഷ്യനായ പിതാവിന് തന്നെ ആവിഷ്കരിക്കുവാൻ ഒരു മകന്റെ മാത്രം ആവശ്യമേയുള്ളൂ, എന്നാൽ ആശ്ചര്യവാനും അത്ഭുതവാനുമായ ദിവ്യനായ പിതാവിന് തന്റെ ആവിഷ്കാരമായിരിക്കുവാൻ ദശലക്ഷക്കണക്കിന് പുത്രന്മാരെ ആവശ്യമുണ്ട്. ഒരു ദിവസം ഭൂമി ദൈവപുത്രന്മാരെക്കൊണ്ട് നിറഞ്ഞിരിക്കുകയും, നാം പോകുന്നിടത്തെല്ലാം പിതാവിന്റെ സ്വരൂപത്തെ, ദൈവത്തിന്റെ ആവിഷ്കാരത്തെ കാണുകയും ചെയ്യും. നിങ്ങൾ

പുതിയനിയമം ശ്രദ്ധിച്ചു വായിക്കുമെങ്കിൽ, വീണ്ടെടുക്കപ്പെടുകയും, കഴുകപ്പെടുകയും, സ്വർഗത്തിലേക്കു കൊണ്ടുവരപ്പെടുകയും ചെയ്ത പാപികളുടെ ഒരു സംഘത്തെ ദൈവം ആഗ്രഹിക്കുന്നില്ലെന്നു നിങ്ങൾ കാണും. ഇത് അർഥശൂന്യമാണ്. തന്റെ സംഘാത, സാർവത്രിക ആവിഷ്കാരമായിരിക്കുവാൻ ദൈവത്തിനാവശ്യം അനേകം പുത്രന്മാരാണ്. ഈ പുത്രന്മാർ എവിടെയെല്ലാം ആയിരിക്കുന്നുവോ, അവിടെ പിതാവ് ആവിഷ്കരിക്കപ്പെടും. ഇതാണ് പുത്രത്വം. "ഇതാ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എപ്രകാരമുള്ള സ്നേഹം നൽകിയിരിക്കുന്നു" (1 യോഹ. 3:1). ഇതാണ് തിരുവെഴുത്തുകളിലെ അടിസ്ഥാന ആശയം.

## ദൈവത്തിന്റെ പുത്രന്മാർക്ക് ദിവ്യപ്രകൃതമുണ്ട്

നിങ്ങൾ ഒരു അപ്പനോടും തന്റെ മകനോടുംകൂടെ സമയം ചിലവഴിക്കുമെങ്കിൽ, മകൻ അപ്പന്റെ രൂപം വഹിക്കുന്നുവെന്നു മാത്രമല്ല, അവന് അപ്പന്റെ പ്രകൃതവും ഉണ്ടെന്ന് നിങ്ങൾ കണ്ടെത്തും. തന്റെ അപ്പന്റെ മകനെന്ന നിലയിൽ അവന് അപ്പന്റെ പ്രകൃതമുണ്ട്. അതുപോലെ, നാം വാസ്തവമയും ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നുവെങ്കിൽ, നമുക്ക് അവന്റെ പ്രകൃതം ഉണ്ടായിരിക്കണം. ജീവനിലുള്ള പ്രകൃതം വളരെ സവിശേഷമായ ഒരു കാര്യമാണ്. ഏതു ജീവനും ഒരു പ്രകൃതമുണ്ട്. ഒരു ജീവന്റെ പ്രകൃതം ആ ജീവന്റെ അന്തഃസത്തയാണ്. പ്രകൃതമില്ലെങ്കിൽ ജീവനുമില്ല. സസ്യജീവനോ, ജന്തുജീവനോ, മനുഷ്യജീവനോ, ദിവ്യജീവനോ, ഏതുതരം ജീവനായാലും, അത് ജീവനായിരിക്കുന്നിടത്തോളം അതിനൊരു പ്രകൃതമുണ്ട്. ഒരു ജീവന്റെ അന്തഃസത്തയും സാരാംശവും അതിന്റെ പ്രകൃതത്തിലാണ്. പ്രകൃതം എന്തായിരിക്കുന്നുവോ, അതു തന്നെയാണ് ജീവനും. ഒരു ആപ്പിൾ വൃക്ഷം ആപ്പിളുകൾ ഉല്പാദിപ്പിക്കുന്നു, കാരണം അതിന് ആപ്പിൾവൃക്ഷത്തിന്റെ പ്രകൃതമുണ്ട്. ഇതേ രീതിയിൽ, ഒരു നായ്ക്ക് ഒരു നായയുടെ ജീവനുള്ളത് അതിന് നായയുടെ പ്രകൃതമുള്ളതുകൊണ്ടും, ഒരു മനുഷ്യന് മനുഷ്യജീവനുള്ളത് അവന് മനുഷ്യപ്രകൃതം ഉള്ളതുകൊണ്ടും ആണ്. നമുക്ക് മനുഷ്യപ്രകൃതമില്ലാതെ മനുഷ്യനായിരിക്കുവാൻ കഴിയുമോ? തീർച്ചയായും ഇല്ല. നാം മനുഷ്യരായിരിക്കുന്നത് നമുക്ക് മനുഷ്യപ്രകൃതം ഉള്ളതുകൊണ്ടാണ്. നമുക്ക് മനുഷ്യപ്രകൃതം ഉള്ളതുകൊണ്ട് നാം ചെയ്യുന്നതും ചിന്തിക്കുന്നതും പറയുന്നതും മാനുഷികമാണ്. അതുപോലെ, ഒരു നായ ചെയ്യുന്നതെല്ലാം നായയുടെ പ്രകൃതത്തിനനുസരിച്ചാണ്. ഈ പ്രകൃതം ജീവപ്രമാണത്തിന്റെ ഉറവിടമാണ്.

## ജീവപ്രമാണം ജീവപ്രകൃതത്തിന്റെ പ്രവർത്തനമാകുന്നു

ജീവന്റെ പ്രമാണം ജീവന്റെ പ്രകൃതത്തിനനുസരിച്ചു മാത്രമല്ല,

അത് ജീവന്റെ പ്രകൃതത്തിൽനിന്നും ആണ്. ജീവപ്രമാണം വരുന്നത് ജീവന്റെ പ്രകൃതത്തിൽനിന്നാണ്. ഒരു ജീവന് ഒരു പ്രകൃതം ഉള്ളതുകൊണ്ട് അതിന് ഒരു പ്രമാണമുണ്ട്. ഒരു ആപ്പിൾ വൃക്ഷത്തിന് ഒരു ആപ്പിൾ വൃക്ഷത്തിന്റെ പ്രകൃതമുണ്ട്: ഇക്കാരണത്താൽ, അതിന്റെ പ്രമാണം ആപ്പിൾവൃക്ഷ പ്രകൃതത്തിന്റെ പ്രമാണമാണ്. എന്തുകൊണ്ടാണ് ഒരു ആപ്പിൾ വൃക്ഷം ആപ്പിളുകൾ ഉളവാക്കുന്നത്? ജീവപ്രമാണം അതിന്റെ ജീവപ്രകൃതത്തിനനുസരിച്ച് അതിനെ നിയന്ത്രിക്കുന്നതുകൊണ്ടാണ്. ജീവപ്രമാണം വാസ്തവത്തിൽ ജീവപ്രകൃതം പ്രവർത്തിക്കുന്നതാണെന്ന് ഇതിൽ നാം കാണുന്നു. ഒരു ജീവന്റെ പ്രകൃതം പ്രവർത്തിക്കുമ്പോൾ ആ ജീവന്റെ പ്രമാണവും പ്രവർത്തിക്കുന്നു. നമുക്ക് ഒരു ആപ്പിൾ വൃക്ഷവും ഒരു പീച്ച് വൃക്ഷവും, അങ്ങനെ രണ്ടു വൃക്ഷങ്ങൾ ഉണ്ടെന്നു സങ്കൽപിക്കുക. ഈ രണ്ടു വൃക്ഷങ്ങളും ഫലം ഉളവാക്കുന്നതിൽ പരാജയപ്പെടുന്നുവെങ്കിൽ, നമുക്ക് ജീവപ്രമാണത്തെ കാണുവാൻ കഴിയുകയില്ല. എന്നാൽ ആപ്പിൾ വൃക്ഷം സ്വതേ ആപ്പിളുകൾ ഉല്പാദിപ്പിക്കുകയും, പീച്ച് വൃക്ഷം സ്വതേ പീച്ചുകൾ ഉല്പാദിപ്പിക്കുകയും ചെയ്യുന്നുവെങ്കിൽ, ഓരോ വൃക്ഷത്തെയും അതിന്റെ ജീവന്റെ പ്രകൃതമനുസരിച്ചുള്ള ജീവപ്രമാണത്തിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നതായി നാം കാണുന്നു. അതുകൊണ്ട്, ജീവപ്രമാണം കേവലം ജീവപ്രകൃതത്തിന്റെ പ്രവൃത്തി, പ്രവർത്തനം ആണ്.

നിങ്ങളുടെ മുമ്പിൽ ഒരു പട്ടിയും ഒരു മനുഷ്യനും നിൽക്കുന്നുവെന്നു സങ്കൽപിക്കുക. പട്ടിയും മനുഷ്യനും അനങ്ങാതെ നിൽക്കുന്നുവെങ്കിൽ, ജീവപ്രമാണത്തിന്റെ പ്രവർത്തനത്തെ നിങ്ങൾ കാണുകയില്ല. എന്നാൽ മാനുഷികമായ രീതിയിൽ മനുഷ്യൻ പെരുമാറുകയും, പട്ടി കുരയ്ക്കുവാൻ തുടങ്ങുകയും ചെയ്യുന്നെങ്കിൽ, ഈ പ്രവൃത്തികൾ ഓരോ ജീവന്റെയും പ്രകൃതത്തിന്റെ പ്രവർത്തനത്തെ സൂചിപ്പിക്കും, അത് ആ ജീവന്റെ പ്രമാണമാണ്. നിങ്ങൾ ഒരു പട്ടിക്കുട്ടിയോട്, "പട്ടിക്കുട്ടീ, നീ ഈ മനുഷ്യനെ അനുകരിക്കണം. അവനെ അനുഗമിക്കുവാനും, അവൻ പറയുന്നതും ചെയ്യുന്നതുമൊക്കെയും ചെയ്തുകൊണ്ട് അവനുമായി ഒന്നായിരിക്കുവാനും ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു" എന്നു പറഞ്ഞുകൊണ്ട് കല്പിക്കാം. എന്നാൽ ഈ രീതിയിൽ നിങ്ങൾ എത്രത്തോളം സംസാരിക്കുന്നുവോ, അത്രത്തോളം അതിന്റെ പ്രകൃതത്തിന്റെ പ്രമാണത്തിന്റെ പ്രവർത്തനത്തിനനുസരിച്ച് അതു പ്രതികരിക്കും. മറിച്ച്, പട്ടിയെപ്പോലെ പെരുമാറുവാൻ നിങ്ങൾ മനഷ്യനോട് കല്പിക്കുന്നുവെങ്കിൽ, അവന് അത് അസാധ്യമെന്ന് നിങ്ങൾ കണ്ടെത്തും, കാരണം അവന് ഒരു പട്ടിയുടെ പ്രകൃതമില്ല.

## ഏകജാതനായ പുത്രൻ മൂലരൂപമായിത്തീരുന്നു

അനേകം പുത്രന്മാർ ഉണ്ടായിരിക്കുന്നതാണ് ദൈവത്തിന്റെ ഇംഗിതമെന്നു നാം കണ്ടു. അനേകം പുത്രന്മാർ ഉണ്ടായിരിക്കാനുള്ള അവന്റെ മാർഗം തന്റെ ഏകജാതനായ പുത്രനെ മൂലരൂപമാക്കുകയാണ്. ദൈവത്തിന്റെ ഏകജാതനായ പുത്രനും ആദ്യജാതനായ പുത്രനും തമ്മിലുള്ള വ്യത്യാസം ഒരിക്കലും കണ്ടിട്ടില്ലാത്ത ക്രിസ്തുമതത്തിന് ഇതു നഷ്ടമായിരിക്കുന്നു. മിക്ക ക്രിസ്ത്യാനികളും ഏകജാതനായ പുത്രനും ആദ്യജാതനായ പുത്രനും ഒന്നാണെന്ന് കരുതുന്നു. എന്നാൽ യേശു ഏകജാതനായ പുത്രനായിരിക്കുന്നതും അവൻ ആദ്യജാതനായ പുത്രനായിരിക്കുന്നതും തമ്മിൽ വലിയൊരു വ്യത്യാസമുണ്ട്. ഏകജാതനായ പുത്രനെന്ന നിലയിൽ അവൻ മൂലരൂപമായി രുന്നില്ല. മൂലരൂപമായിരിക്കുന്നതിനായി അവന് ദൈവത്തിന്റെ ആദ്യജാതനായ പുത്രനായിത്തീരണമായിരുന്നു. ഏകജാതനായ പുത്രനിൽ ദിവ്യത്വം മാത്രമേ ഉണ്ടായിരുന്നുള്ളൂ, മനുഷ്യത്വം ഉണ്ടായിരുന്നില്ല; എന്നാൽ ദൈവത്തിന്റെ ആദ്യജാതനായ പുത്രനിൽ മനുഷ്യത്വവും ദിവ്യത്വവും ഉണ്ട്. ഈ മനുഷ്യത്വം "പുത്രവൽക്കരിക്കപ്പെട്ടു," അതായത്, അത് ക്രിസ്തുവിന്റെ പുനരുത്ഥാനത്തിൽ ദൈവത്തിൽനിന്നു ജനിപ്പിക്കപ്പെട്ടു. സങ്കീർത്തനം 2:7-ൽ ദൈവം പുത്രനോടു പറഞ്ഞു, "നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു." ക്രിസ്തുവിന്റെ മനുഷ്യപ്രകൃതവും, അവന്റെ മനുഷ്യത്വവും "പുത്രവൽക്കരിക്കപ്പെട്ടതു"കൊണ്ട് അവൻ ഇനിമേൽ ദൈവത്തിന്റെ ഏകജാതനായ പുത്രൻ മാത്രമല്ല, ദൈവത്തിന്റെ ദിവ്യത്വവും മനുഷ്യത്വവുമുള്ള ആദ്യജാതനായ പുത്രനും ആണ്. തന്മൂലം, അവൻ മൂലരൂപമാണ്.

## മൂലരൂപത്തിന്റെ വൻതോതിലുള്ള ഉല്പാദനം

വൻതോതിൽ ഉല്പാദിപ്പിക്കാനുള്ള ദൈവത്തിന്റെ മാർഗം ഒരു ഫാക്ടറിയിലെ വൻതോതിലുള്ള ഉല്പാദനത്തിൽനിന്നും വ്യത്യസ്തമാണ്. ഒരു ഫാക്ടറിയിൽ, ഒരു സ്ഥാപനം ആദ്യം ഒരു മൂലരൂപമുണ്ടാക്കുകയും, പിന്നീട് മൂലരൂപമനുസരിച്ച് മാതൃകകൾ വൻതോതിൽ ഉല്പാദിപ്പിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ മാർഗം ആദ്യജാതനായ പുത്രൻ എന്ന തന്റെ ജീവനുള്ള മൂലരൂപത്തെ നമ്മുടെ ജീവനും പ്രകൃതവുമായിരിക്കുവാൻ നമ്മുടെ ആളത്തത്തിലേക്കു പണിതുചേർക്കുക എന്നതാണ്. ഈ ജീവൻ ദിവ്യജീവനും, ഈ പ്രകൃതം ദിവ്യപ്രകൃതവും ആണ്. നമ്മുടെ സ്വാഭാവിക ആളത്തത്തെ ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റേതായി രൂപാന്തരപ്പെടുത്തിക്കൊണ്ട് ഈ ദിവ്യജീവനെയും പ്രകൃതത്തെയും നമ്മുടെ ആളത്തത്തിന്റെ ഓരോ ഭാഗത്തിലേക്കും വ്യാപിപ്പിക്കുവാൻ ദൈവം ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

റോമർ 12:2-ഉം 2 കൊരിന്ത്യർ 3:18-ഉം അനുസരിച്ച് ഇതാണ് രൂപാന്തരം. രൂപാന്തരത്തിന്റെ പ്രക്രിയയിൽ, ജീവിക്കുന്ന മൂലരൂപം നമ്മുടെ ആത്മാവിൽനിന്നും നമ്മുടെ ആളത്തത്തിന്റെ ഓരോ ഭാഗത്തിലേക്കും വ്യാപിക്കുന്നു. രൂപാന്തരം മുഴുവനായും ആശ്രയിച്ചിരിക്കുന്നത് ജീവപ്രമാണം നമ്മുടെ ആത്മാവിലേക്കു പകരുന്നതിലാണ്. നമ്മുടെ ആത്മാവിലേക്കു പകരപ്പെട്ട പ്രമാണം ദിവ്യജീവന്റെ പ്രവർത്തനമാണ്; അത് ദിവ്യജീവന്റെ പ്രകൃതത്തിൽനിന്നു വരുന്നു. ഈ പ്രമാണം നമ്മുടെ ആത്മാവിലേക്കു വന്ന ദിവസം മുതൽ നമ്മുടെ മനസ്സിലേക്കും, വികാരത്തിലേക്കും, ഇച്ഛയിലേക്കും വ്യാപിക്കുവാനുള്ള അവസരത്തിനായി അത് കാത്തിരിക്കുന്നു. ഒടുവിൽ നമ്മുടെ മുഴുവൻ ആളത്തത്തിലേക്കും അതു വ്യാപിക്കും. അതു വ്യാപിക്കുമ്പോൾ, ഒരു പ്രമാണം നിരവധി പ്രമാണങ്ങളായിത്തീരും. പ്രമാണം ദിവ്യജീവന്റെ പ്രകൃതത്തിന്റെ പ്രവർത്തനമായതുകൊണ്ട്, അത് പ്രവർത്തിക്കുമ്പോൾ, പുത്രത്വത്തെ ഉല്പാദിപ്പിക്കുന്നു. അതിന്റെ പ്രവർത്തനം എപ്പോഴും ദൈവത്തിന്റെ സ്വരൂപത്തെ ഉളവാക്കും.

## ജീവന്റെ പ്രമണവും അഭിഷേകവും തമ്മിലുള്ള വ്യത്യാസം

ചുരുക്കം ചിലർ ഒഴികെ, മിക്കവാറും എല്ലാ ക്രിസ്ത്യാനികളും ഈ പ്രമാണത്തിൽനിന്നു വ്യതിചലിച്ചുപോകുകയും, അതിൽനിന്നു വഴിമാറിപ്പോകുകയും ചെയ്തിരിക്കുന്നു. നൂറു ക്രിസ്ത്യാനികളിൽ ഒരുപക്ഷേ അഞ്ചിൽ കുറവ് ആളുകൾ ഈ പ്രമാണം അറിയുകയോ അതിനെക്കുറിച്ചു കേൾക്കുകയോ ചെയ്തിരിക്കുന്നു. ക്രിസ്തുമതത്തിൽ ജീവന്റെ പ്രമാണത്തെക്കുറിച്ച് ഒരു വാക്കോ ദൂതോ ഇല്ല. ജീവപ്രമാണത്തിൽനിന്നും മിക്കവാറും ക്രിസ്ത്യാനികൾ വഴിതെറ്റിപ്പോയതുകൊണ്ട് അഭിഷേകത്തിന്റെ ആവശ്യമുണ്ട്.

ജീവപ്രമാണവും അഭിഷേകവും തമ്മിലുള്ള വ്യത്യാസം എന്താണ്? നാം കണ്ടതുപോലെ പഴയനിയമത്തിൽ ന്യായപ്രമാണവും പ്രവാചകന്മാരും ഉണ്ടായിരുന്നു. ദിവ്യവചനത്തിലെ ഈ രണ്ടു വിഭാഗങ്ങൾ ചേരുന്നതാണ് പഴയനിയമം. പ്രാചീന കാലങ്ങളിൽ പഴയനിയമത്തെ "ന്യായപ്രമാണവും പ്രവാചകന്മാരും" എന്നുപോലും വിളിച്ചിരുന്നു. ന്യായപ്രമാണവും പ്രവാചകന്മാരും തമ്മിലുള്ള വ്യത്യാസം എന്താണ്? മോശെയ്ക്ക് ന്യായപ്രമാണം കൊടുത്തശേഷം എന്തുകൊണ്ടാണ് ദൈവത്തിന് ഏലീയാവിനെയും, യെശയ്യാവിനെയും, യിരെമ്യാവെയും, യെഹെസ്കേലിനെയും, ദാനീയേലിനെയും, മറ്റു പ്രവാചകന്മാരെയും ഉപയോഗിക്കേണ്ട ആവശ്യം ഉണ്ടായിരുന്നത്? ന്യായപ്രമാണം ദൈവത്തിന്റെ ഒരു സാക്ഷ്യമായിരിക്കുവാൻ നൽകപ്പെട്ടു, അത് ന്യായപ്രമാണദാതാവിന്റെ പ്രകൃതത്തിനനുസരിച്ച് നല്ലപ്പെട്ടു എന്ന് ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. നിങ്ങൾ ഉണ്ടാക്കുന്ന നിയമം

നിങ്ങൾ ഏതു തരം വ്യക്തിയാണെന്നത് ആവിഷ്ക്കരിക്കുന്നതിനാൽ, നിങ്ങളുടെ നിയമങ്ങൾ നിങ്ങളുടെ സാക്ഷ്യമാണ്. താൻ എന്തു തരം ദൈവമാണെന്ന് ന്യായപ്രമാണം സാക്ഷ്യപ്പെടുത്തുന്ന തുകൊണ്ട് അത് ദൈവത്തിന്റെ സാക്ഷ്യമായിരുന്നു. അവൻ വിശുദ്ധനും നീതിമാനുമായ ദൈവമെന്ന്, വെളിച്ചത്തിന്റെയും സ്നേഹത്തിന്റെയും ദൈവമെന്ന്, അതു സാക്ഷ്യപ്പെടുത്തി. അവൻ ഇങ്ങനെയുള്ള ഒരു ദൈവമായതിനാൽ, അവന്റെ പ്രമാണത്തിന് ഇങ്ങനെയുള്ള ഒരു പ്രകൃതമുണ്ട്. പ്രകൃതത്തിൽ, ന്യായപ്രമാണം നീതിയുള്ളതും വിശുദ്ധവും, വെളിച്ചവും സ്നേഹംകൊണ്ട് നിറഞ്ഞതും ആയിരുന്നു. ഇക്കാരണത്താൽ, ന്യായപ്രമാണം ദൈവത്തിന്റെ സാക്ഷ്യമായിരുന്നു. താൻ ആയിരിക്കുന്നതിന നുസരിച്ച് അവർ അവന്റെ ജനമാകുമെന്ന് ആഗ്രഹിച്ചുകൊണ്ട് ജാതികളുടെ ഇടയിൽനിന്നും ദൈവം യിസ്രായേലിനെ തന്റെ ജനമായിരിക്കുവാൻ തിരഞ്ഞെടുത്തു. ദൈവം എന്താണെന്ന് ന്യായപ്രമാണം വെളിപ്പെടുത്തിയതുകൊണ്ട്, യിസ്രായേൽമക്കൾ അവന്റെ ന്യായപ്രമാണമനുസരിച്ച് ദൈവത്തിന്റെ ജനമായിരിക്ക ണമായിരുന്നു.

യിസ്രായേൽമക്കൾ ദൈവത്തിൽനിന്നും അവന്റെ ന്യായ പ്രമാണത്തിൽനിന്നും അകന്നുപോയെന്ന് യെശയ്യാവ് ഒന്നാം അധ്യായത്തിൽ നാം കാണുന്നു (1:4, 10). യിസ്രായേല്യർ ദൈവത്തിന്റെ ന്യായപ്രമാണത്തിൽനിന്നും വഴിതെറ്റിപ്പോകാ തിരുന്നെങ്കിൽ, പ്രവാചകന്മാരുടെ ആവശ്യം ഉണ്ടാകുമായിരു ന്നില്ല. എന്നാൽ ജനം വഴിതെറ്റിപ്പോയതുകൊണ്ട്, ദൈവത്തിന്റെ സാക്ഷ്യത്തിലേക്കു മടങ്ങിവരുവാൻ അവരെ ശാസിക്കുകയും, ആജ്ഞാപിക്കുകയും, നിർദ്ദേശിക്കുകയും ചെയ്യുകൊണ്ട് മടക്കി വിളിക്കുവാൻ ദൈവം പ്രവാചകന്മാരെ അയച്ചു. പ്രവാചകന്മാരുടെ ശുശ്രൂഷയെ മാനദണ്ഡമാക്കുവാൻ ദൈവം ഉദ്ദേശിച്ചില്ല. അവന്റെ സാക്ഷ്യത്തിന്റെ മാനദണ്ഡം ന്യായപ്രമാണമായിരുന്നു, പ്രവാചകന്മാരുടെ ശുശ്രൂഷ കേന്ദ്രത്തിൽനിന്നു തെറ്റിപ്പോയ ജനത്തെ കേന്ദ്രത്തിലേക്കു മടക്കിക്കൊണ്ടുവരുന്നതിനും, വഴിതെറ്റിപ്പോയ ദൈവജനത്തെ ദൈവത്തിന്റെ സാക്ഷ്യത്തിലേക്ക് കൊണ്ടുവരുന്നതിനും ആയിരുന്നു. ഇക്കാരണത്താൽ പ്രവാചകന്മാരുടെ ശുശ്രൂഷ ദൈവത്തിന്റെ വീണുപോയ ജനത്തെ അവന്റെ ന്യായപ്രമാണത്തിലേക്ക് പ്രത്യുദ്ധരിക്കുന്നതായിരുന്നു.

ന്യായപ്രമാണവും പ്രവാചകന്മാരും ചേരുന്നതാണ് പഴയനിയമമെന്ന് നാം കണ്ടു. പുതിയനിയമം എന്തിനാൽ സംരചി ക്കപ്പെട്ടതാണ്? അത് ജീവന്റെ പ്രമാണത്താലും അഭിഷേകത്താലും സംരചിക്കപ്പെട്ടതാണ്. ജീവന്റെ പ്രമാണം അക്ഷരങ്ങളുടെ ന്യായപ്രമാണത്തെ പകരംവയ്ക്കുകയും, അഭിഷേകം പ്രവാചകന്മാരെ പകരംവയ്ക്കുകയും ചെയ്യുന്നു. ന്യായപ്രമാണം ദൈവത്തിന്റെ

പ്രകൃതത്തെ സാക്ഷ്യപ്പെടുത്തുവാൻ നൽകപ്പെട്ടതായിരുന്നുവെന്നും, പ്രവാചകന്മാർ ദൈവമെന്ന വ്യക്തിയെ പ്രതിനിധീകരിക്കുവാൻ അയയ്ക്കപ്പെട്ടവരായിരുന്നുവെന്നും നേരത്തേയുള്ള ഒരു ദൂതിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചിരുന്നു. അതുകൊണ്ട്, "കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു" എന്നു പറഞ്ഞുകൊണ്ട് പ്രവാചകന്മാർ സംസാരിച്ചു. ന്യായപ്രമാണത്തിൽ നമുക്ക് ദൈവത്തിന്റെ പ്രകൃതവും, പ്രവാചകന്മാരിൽ നമുക്ക് ദൈവമെന്ന വ്യക്തിയും ഉണ്ട്.

Wed

## ദൈവസാന്നിധ്യവും ദൈവപ്രകൃതവും

നിങ്ങൾ എന്തിനാണ് മുൻഗണന നൽകുന്നത്—ദൈവപ്രകൃതത്തിനാണോ, അതോ ദൈവമെന്ന വ്യക്തിയെ പ്രതിനിധാനം ചെയ്യുന്ന ദൈവസാന്നിധ്യത്തിനാണോ? ഏതു ക്രിസ്ത്യാനിയും ദൈവസാന്നിധ്യത്തെ പ്രിയപ്പെട്ടതും വിലയേറിയതുമായി വിലമതിക്കുന്നു. ക്രിസ്തുമതത്തിൽ ദൈവസാന്നിധ്യത്തെക്കുറിച്ച് വളരെയധികം സംസാരമുണ്ട്. ദൈവസാന്നിധ്യം നമുക്ക് സകലവുമാണെന്നും, സകല കാര്യങ്ങളും നാം ദൈവസാന്നിധിയിൽ ചെയ്യണമെന്നും നമ്മോടു പറഞ്ഞിട്ടുണ്ട്. ക്രിസ്തുമതത്തിൽ, ദൈവത്തിന്റെ സാന്നിധ്യത്തിൽ ജീവിക്കുവാനും നടക്കുവാനും വിശ്വാസികളെ പഠിപ്പിക്കുകയും, ദൈവസാന്നിധിയിൽ ജീവിക്കുന്നതിനെക്കുറിച്ച് നിരവധി പുസ്തകങ്ങൾ എഴുതുകയും ചെയ്തിട്ടുണ്ട്. എന്നാൽ ദൈവത്തിന്റെ പ്രകൃതത്തിനനുസരിച്ചു ജീവിക്കുവാൻ പറയുന്ന ഒരു പുസ്തകം നിങ്ങൾക്ക് എവിടെ കണ്ടെത്തുവാൻ കഴിയും? നമുക്ക് വെളിപാടുണ്ടെങ്കിൽ, നാം ദൈവസാന്നിധ്യത്തെക്കാൾ ദൈവപ്രകൃതത്തിനു മുൻഗണന നൽകും. ഒരു സഹോദരനെ സ്നേഹിക്കുകയും അവനോടുകൂടെ നടക്കുകയും ചെയ്തുകൊണ്ട് ഞാൻ അവന്റെ സാന്നിധിയിൽ ജീവിച്ചേക്കാം. എന്നിരുന്നാലും, അവൻ ഒരു വെള്ളക്കാരനായി തുടരുകയും, ഞാൻ ഒരു വെള്ളക്കാരന്റെ കൂടെ ജീവിക്കുന്ന ഒരു ചൈനക്കാരനായി തുടരുകയും ചെയ്യുന്നു. ഇതിൽ എന്ത് കാര്യമാണുള്ളത്? ഒരു കാര്യവുമില്ല. നിങ്ങളിൽ അവന്റെ പ്രകൃതമില്ലാതെ ദൈവസാന്നിധ്യത്തിൽ ജീവിക്കുകയും നടക്കുകയും മാത്രം ചെയ്യുന്നതിന് അല്പം മാത്രമേ കാര്യമുള്ളൂ. ആയിരക്കണക്കിനു വർഷങ്ങളായി, ദൂതന്മാർ ദൈവസാന്നിധ്യത്തിൽ നടന്നുവരുന്നെങ്കിലും, അവർ അവനെ ഒരിക്കലും തൃപ്തിപ്പെടുത്തിയില്ല. ദൈവത്തിന്റെ ഹൃദയത്തെ സ്പർശിക്കുവാൻ കഴിയുന്ന ഒരു കാര്യം മാത്രമേയുള്ളൂ—തന്റെ പ്രകൃതമനുസരിച്ച് ജീവിക്കുകയും നടക്കുകയും ചെയ്യുന്ന ഒരു ജനം ഉണ്ടായിരിക്കുക. ഒരു ചെള്ള് നിങ്ങളുടെ സാന്നിധ്യത്തിൽ നടക്കുന്നതിൽ ഒരു കാര്യവുമില്ല,

എന്നാൽ ഒരു ചെള്ള് നിങ്ങളുടെ മാനുഷിക പ്രകൃതത്തിനനുസരിച്ച് ജീവിക്കുന്നത് വലിയൊരു കാര്യമാണ്. അങ്ങനെ, ദൈവസാന്നിധ്യത്തിൽ നടക്കുന്നത് ചെറിയൊരു കാര്യവും, എന്നാൽ ദൈവത്തിന്റെ പ്രകൃതത്തിലും പ്രകൃതത്താലും ജീവിക്കുന്നത് വലിയ പ്രാധാന്യമർഹിക്കുന്ന ഒരു കാര്യവുമാണ്. എങ്കിലും, മിക്ക ക്രിസ്ത്യാനികൾക്കും ദൈവസാന്നിധ്യത്തെ മാത്രമേ അറിയാവൂ; അവന്റെ പ്രകൃതത്തെ അവർ അറിയുന്നില്ല.

## വേലയിൽനിന്നും ജീവനിലേക്കു വിടുവിക്കപ്പെട്ടിരിക്കുന്നതിന്റെ ആവശ്യം

മിക്ക ക്രിസ്ത്യാനികളും ദൈവസാന്നിധ്യത്തെ മാത്രം അറിയുകയും അവന്റെ പ്രകൃതത്തെ അറിയാതിരിക്കുകയും ചെയ്യുന്നതുകൊണ്ട്, അഭിഷേകത്തിന്റെ വിഷയം ഗ്രഹിക്കുവാൻ അവർക്ക് എളുപ്പമാണ്. എന്നാൽ ദൈവത്തിന്റെ പ്രകൃതത്തിലേക്കു കടക്കുന്നത് അവർക്ക് പ്രയാസമാണ്. മുമ്പ് വ്യവസ്ഥിതിയാൽ സഭയിൽ സേവിച്ചിരുന്നുവെന്നും എന്നാൽ ഇപ്പോൾ അഭിഷേകത്താൽ സേവിക്കുന്നുവെന്നും ഈയിടെ നിരവധിപേർ സാക്ഷ്യപ്പെടുത്തി. ഉദാഹരണത്തിന്, ഇപ്പോൾ അവർ അഭിഷേകത്താൽ ഹാൾ വൃത്തിയാക്കാൻ വരുന്നു എന്ന് ചിലർ പറഞ്ഞു. ഇതു മനോഹരമാണ്. എങ്കിലും, യോഗസ്ഥലം വൃത്തിയാക്കാൻ അഭിഷേകത്താൽ അയയ്ക്കപ്പെട്ടതിനുശേഷവും എന്തു ജീവനാലാണ് നിങ്ങൾ വൃത്തിയാക്കുന്നത്? ഒരുപക്ഷേ നിങ്ങളുടെ പഴയ ജീവനാൽ നിങ്ങൾ വൃത്തിയാക്കുന്നു. അഭിഷേകം നീക്കത്തിനു വേണ്ടിയായിരിക്കുമ്പോൾ, ജീവപ്രമാണം ജീവിക്കുന്നതിനു വേണ്ടിയാണ്. കുറച്ചു ക്രിസ്ത്യാനികൾ ജീവന് ശ്രദ്ധ നൽകുന്നു. ജീവന്റെ കാര്യങ്ങളെക്കുറിച്ച് അവർ കേൾക്കുമ്പോൾ, "ഇത് കഠിന വാക്കാകുന്നു; ഇത് ആർക്കു കേൾക്കുവാൻ കഴിയും?" (യോഹ. 6:60) എന്നു പറഞ്ഞുകൊണ്ട് അവർ പ്രാചീന കാലത്തിലെ യെഹൂദന്മാരെപ്പോലെ പ്രതികരിക്കുന്നു. എന്നാൽ ഒരു ഉണർവ് പ്രസംഗകൻ ജനത്തെ ഉത്തേജിപ്പിക്കുവാൻ വരുമ്പോഴെല്ലാം അവർ ഉത്സാഹഭരിതരാകുന്നു. അഭിഷേകം പ്രവർത്തനത്തിനുവേണ്ടിയാണ്, എന്നാൽ ജീവപ്രമാണം അസ്തിത്വത്തിനു വേണ്ടിയാണ്.

നാം എന്തു ചെയ്യുന്നുവെന്ന് ദൈവം ശ്രദ്ധിക്കുന്നില്ല; നാം എന്തായിരിക്കുന്നു എന്ന് അവൻ ശ്രദ്ധിക്കുന്നു. ഉല്പത്തി പുസ്തകത്തിലെ യാക്കോബിന്റെ വിവരണം ഇത് ഉദാഹരിക്കുന്നു. തന്റെ മുഴുവൻ ജീവിതത്തിലും യാക്കോബ് ഒന്നും ചെയ്തില്ല. സവിശേഷമായ യാതൊരു വേലയും അവൻ ചെയ്തില്ലെങ്കിലും, അവൻ നിരന്തരമായി ദൈവത്തിന്റെ രൂപാന്തര പ്രക്രിയയിൻകീഴിലായിരുന്നു. അവൻ തന്റെ അമ്മയുടെ ഉദരത്തിലായിരുന്നപ്പോൾ പോലും അവനോട് ഇടപെടുവാൻ ദൈവം ഏശാവിനെ ഉപയോഗിച്ചു.

ഉല്പത്തിയിലെ ജീവപഠന ദൂതുകളിൽ ചിലതിൽ ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, അവനെ രൂപാന്തരപ്പെടുത്തുവാൻ അവന്റെ കുടുംബം ഒരു ഗണമായി പ്രവർത്തിച്ചു. യാക്കോബ് അവന്റെ വീടു വിട്ടോടുകയും അവന്റെ അമ്മാവനായ ലാബാന്റെ വീട്ടിലേക്കു വരുകയും ചെയ്തപ്പോൾ ലാബാന്റെ കൈ അവന്റെമേൽ ഉണ്ടായിരുന്നു. യാക്കോബിന്റെ ജീവിതം പാഴായിരുന്നുവെന്ന് നിങ്ങൾ ചിന്തിക്കുന്നുവോ? "യാക്കോബേ, നിന്റെ ജീവിതം പാഴാക്കിക്കൊണ്ട് നീ എന്തിനാണ് ഇവിടെ ജീവിക്കുന്നത്? നീ എന്തുകൊണ്ട് സുവിശേഷ വയലിൽ പോകുകയോ ഒരു സഭ സ്ഥാപിക്കുകയോ ചെയ്യുന്നില്ല? എന്തുകൊണ്ട് നിന്റെ വീട്ടിൽ ഒരു വേദപുസ്തക പഠനമില്ല? ലാബാന്റെ കൈക്കീഴിൽ ഇവിടെ നീ നിന്റെ സമയം പാഴാക്കുകയാണ്" എന്നു പറഞ്ഞുകൊണ്ട് ആരെങ്കിലും ലാബാന്റെ വീട്ടിൽ പോയി യാക്കോബിനോടു പറയണമായിരുന്നോ? എന്നാൽ ആ വർഷങ്ങളൊന്നും പാഴല്ലായിരുന്നു. ദൈവത്തിന് നിങ്ങളുടെ വേല ആവശ്യമില്ല. കേവലം സംസാരിക്കുന്നതിലൂടെ അവൻ ആഗ്രഹിക്കുന്ന എന്തും അവന് ചെയ്യുവാൻ കഴിയും. അവൻ ഇല്ലാത്തവയെ ഉള്ളതുപോലെ വിളിക്കുന്നു (റോമ. 4:17). അവന് എന്തെങ്കിലും ആവശ്യമുണ്ടെങ്കിൽ, അവൻ ഒരു വാക്കു പറയേണ്ട ആവശ്യമേയുള്ളൂ, അത് നിലവിൽ വരും. നിങ്ങൾ അവനെ സഹായിക്കേണ്ട ആവശ്യമില്ല. എന്നാൽ ദൈവത്തിന്, "യാക്കോബേ, നീ യിസ്രായേലായിരിക്കണം" എന്നു വെറുതെ പറയുവാൻ കഴിയുകയില്ല. യാക്കോബ് യിസ്രായേലായിത്തീരുന്നതിന് ഒരു നീണ്ട പ്രക്രിയയുടെ ആവശ്യമുണ്ട്. ഇതാണ് ജീവൻ.

നാം എല്ലാവരും വേലയിൽനിന്നും ജീവനിലേക്ക് വിടുവിക്കപ്പെടണം. വാസ്തവത്തിൽ, നിങ്ങൾ വീട്ടിൽ തങ്ങുന്നുവോ, അതോ യോഗസ്ഥലം വൃത്തിയാക്കുവാൻ പോകുന്നുവോ എന്നത് ചെറിയ കാര്യമാണ്. യോഗസ്ഥലം വൃത്തിയാക്കരുതെന്നല്ല ഞാൻ പറയുന്നത്. ഞാൻ പറയുന്നത് നാം വീട്ടിൽ തങ്ങുന്നതിലോ, യോഗസ്ഥലത്തേക്കു വരുന്നതിലോ, സ്വർഗത്തിലേക്കു പ്രവേശിക്കുന്നതിലോ പോലും കാര്യമില്ല എന്നാണ്. നാം എന്താകുന്നു എന്നതാണ് എണ്ണപ്പെടുന്നത്. നിങ്ങൾ വീട്ടിൽ തങ്ങുന്നുവെങ്കിൽ, അഭിഷേകത്തിനനുസരിച്ചു മാത്രമല്ല, ജീവപ്രമാണത്തിനനുസരിച്ചുമാണ് വീട്ടിൽ തങ്ങേണ്ടത്. ചില സഹോദരന്മാർ വീട്ടിൽ തങ്ങുന്നത് അഭിഷേകത്താൽ നയിക്കപ്പെട്ടിട്ടായിരിക്കാം, എന്നാൽ ജീവപ്രമാണമനുസരിച്ച് അവർ ജീവിക്കാത്തതുകൊണ്ട് വീട്ടിലായിരിക്കുമ്പോൾ അവരുടെ ഭാര്യമാരുമായി അവർ പോരാടുന്നു. അവർ വീട്ടിലായിരിക്കുമ്പോൾ അവരുടെ ഭാര്യമാർ ഇപ്രകാരം പ്രാർഥിക്കുന്നുണ്ടാകും, "കർത്താവേ, എന്നോടു കരുണയുണ്ടായിരുന്ന് എന്നെ രക്ഷിക്കേണമേ. എന്റെ ഭർത്താവിനെ ഹാളിലേക്ക്

അയയ്ക്കേണമേ. അവൻ എന്നെ വളരെയധികം ശല്യപ്പെടുത്തുന്നതുകൊണ്ട് അവൻ വീട്ടിൽ തങ്ങുന്നത് ഞാൻ ആഗ്രഹിക്കുന്നില്ല." ഇങ്ങനെയുള്ള ഒരു സഹോദരൻ വീട്ടിലായിരിക്കുമ്പോൾ അവൻ തന്റെ ഭാര്യയെ ശല്യപ്പെടുത്തുന്നു; അവൻ യോഗസ്ഥലം വൃത്തിയാക്കാൻ വരുമ്പോൾ, അവൻ സഹോദരന്മാരെ ശല്യപ്പെടുത്തുന്നു. അവൻ എവിടെ പോയാലും, അവന് ജീവനിൽ യാതൊരു മാറ്റവും ഇല്ലാത്തതുകൊണ്ട് അവൻ ആരെയെങ്കിലും ബുദ്ധിമുട്ടിപ്പിക്കുന്നു. ഒരു നായയെ പരിഗണിക്കുക. ഒരു നായ പോകുന്നിടത്തെല്ലാം അത് ജനത്തെ ശല്യപ്പെടുത്തുന്നു. ഒരു നായ വൃത്തിയില്ലാത്ത സ്ഥലത്തായിരിക്കുന്നുവെങ്കിൽ അത് ചിലരെ ശല്യപ്പെടുത്തുമെന്നും, എന്നാൽ അത് നിങ്ങളുടെ സ്വീകരണമുറിയിലായിരിക്കുമ്പോൾ ആരെയും ശല്യം ചെയ്യില്ലെന്നും നിങ്ങൾ ചിന്തിക്കുന്നുണ്ടോ? പരിതസ്ഥിതി മാറാം, എന്നാൽ നായയ്ക്ക് മാറ്റമുണ്ടാകുന്നില്ല. ഇതുപോലെ, ഞാൻ വീട്ടിൽ തങ്ങിയാലും യോഗസ്ഥലം വൃത്തിയാക്കുവാൻ വന്നാലും, ഞാൻ അപ്പോഴും ഞാൻ തന്നെയാണ്. ഞാൻ വീട്ടിലായിരിക്കുന്നതുമൂലം എന്റെ ഭാര്യ ഭയപ്പെടുന്നു, ഞാൻ ഹാളിലേക്കു വരുന്നതിൽ, "ഈ സഹോദരനെ സൂക്ഷിക്കണം. അവനെ തൊടരുത്. അവൻ ബലഹീനനാണ്. നിങ്ങൾ അവനെ തൊടുന്നുവെങ്കിൽ അവൻ പൊട്ടിപ്പോകും" എന്നു പറഞ്ഞുകൊണ്ട് സഹോദരന്മാർ ഭയപ്പെടുന്നു. ഈ സഹോദരന് അഭിഷേകം ഉണ്ടായിരിക്കാം, എന്നാൽ അവൻ ജീവപ്രമാണമനുസരിച്ച് ജീവിക്കുന്നില്ല. അഭിഷേകമല്ല, ജീവപ്രമാണമാണ് നമ്മിൽ മാറ്റം വരുത്തുന്നത്.

## അഭിഷേകത്തിന്റെ പ്രവർത്തനം

അഭിഷേകം നമ്മെ മാറ്റുന്നില്ലെങ്കിലും, അതിനൊരു നല്ല പ്രവർത്തനമുണ്ട്. ഒന്നാമത്, അതു നമ്മെ ശാസിക്കുകയും, രണ്ടാമത് ജീവപ്രമാണത്തിലേക്കു തിരികെപ്പോകുവാൻ നമ്മോടു പറയുകയും ചെയ്യുന്നു. "അവന്റെ അഭിഷേചനം സകല കാര്യങ്ങളെയും കുറിച്ച് നിങ്ങളെ ഉപദേശിക്കുന്നു" എന്നു പറയുന്ന 1 യോഹന്നാൻ 2:27-നെ ഒരുപക്ഷേ നാമെല്ലാവരും തെറ്റിദ്ധരിച്ചിക്കുന്നു. സകലവും ചെയ്യുവാൻ അഭിഷേകം നമ്മെ ഉപദേശിക്കുന്നില്ല; ക്രിസ്തുവിൽ വസിക്കുവാൻ അതു നമ്മെ ഉപദേശിക്കുന്നു. ഷോപ്പിംഗിനു പോകണമോ വേണ്ടയോ എന്നു ചിന്തിച്ചുകൊണ്ട് ചില സഹോദരീസഹോദരന്മാർ കർത്താവിനോടു പ്രാർഥിക്കുന്നു, "കർത്താവേ, ഞാൻ ഷോപ്പിംഗിനു പോകണമോ, അതോ വീട്ടിൽ തങ്ങണമോ? കർത്താവേ, എനിക്ക് അഭിഷേകം നൽകേണമേ." എന്നാൽ കർത്താവു പറയുന്നത്, "നീ ഷോപ്പിംഗിനു പോകണമോ, അതോ വീട്ടിൽ തങ്ങണമോ എന്ന് എന്റെ അഭിഷേകം ശ്രദ്ധിക്കുന്നില്ല. നീ എന്നിൽ വസിക്കണമെന്നു മാത്രമേ എന്റെ

അഭിഷേകം കരുതുന്നുള്ളൂ. നീ എന്നിൽ വസിക്കുന്നിടത്തോളം നീ എന്തു ചെയ്താലും അതു ശരിയായിരിക്കും." നാം ക്രിസ്തുവിൽ വസിക്കുന്നുവെങ്കിൽ, നമുക്ക് എവിടെ വേണമെങ്കിലും പോകാം. എന്നാൽ "നാം ക്രിസ്തുവിൽ വസിക്കുന്നുവെങ്കിൽ" എന്ന ഈ നിർണായക ഉപവാക്യം ഓർക്കുക. നാം ക്രിസ്തുവിൽ വസിക്കുന്നിടത്തോളം നാം എവിടെ പോകുന്നുവെന്നോ എന്തു ചെയ്യുന്നുവെന്നോ എന്ന് ദൈവം ശ്രദ്ധിക്കുന്നില്ല. വിവാഹത്തെ സംബന്ധിച്ച് ആശങ്കപ്പെടുന്ന അനേകർ അതിനെക്കുറിച്ച് ദൈവത്തോടു പ്രാർഥിക്കുന്നു, "കർത്താവേ, ഞാൻ ഇവനെ വിവാഹം കഴിക്കണമോ?" ഈ രീതിയിൽ തങ്ങൾ പ്രാർഥിച്ചുവെങ്കിലും കർത്താവ് അവർക്ക് ഒരിക്കലും ഉത്തരം നൽകിയില്ല എന്ന് ചിലർക്ക് സാക്ഷ്യപ്പെടുത്തുവാൻ കഴിയും. "കർത്താവേ, നീ എനിക്കായി തിരഞ്ഞെടുത്തിരിക്കുന്നത് ഈ സഹോദരിയെയാണോ എന്ന് എന്നെ അറിയിക്കേണമേ" എന്ന് അനേകം യുവാക്കൾ പ്രാർഥിച്ചിട്ടുണ്ട്. എന്നാൽ സഹോദരന്മാർ ഇപ്രകാരം എത്രയധികം പ്രാർഥക്കുന്നുവോ, അത്രയധികം അവർ ആശയക്കുഴപ്പത്തിലാകും. ഒരു ഉത്തരവും ലഭിക്കാതെ വിവാഹം കഴിക്കുന്നതിനെക്കുറിച്ച് പത്തു വർഷം പ്രാർഥിച്ചിട്ടുള്ള ചില സഹോദരിമാരെ എനിക്കറിയാം. അവർക്ക് കർത്താവ് ഉത്തരം നൽകുന്നുവെങ്കിൽ, ഒരുപക്ഷേ അവൻ പറയും, "നിന്റെ വിവാഹത്തെക്കുറിച്ച് ഞാൻ ശ്രദ്ധിക്കുന്നില്ല. നീ എന്നിൽ വസിക്കുന്നുവോ ഇല്ലയോ എന്നു മാത്രമാണ് ഞാൻ ശ്രദ്ധിക്കുന്നത്. നീ എന്നിൽ വസിക്കുന്നുവെങ്കിൽ, നിനക്ക് വിവാഹം കഴിക്കാം. നീ എന്നിൽ വസിക്കുന്നില്ലെങ്കിൽ, ഏറ്റവും നല്ല സഹോദരനെപ്പോലും നീ വിവാഹം കഴിക്കരുത്." എണ്ണപ്പെടുന്ന ഏക കാര്യം നാം കർത്താവിൽ വസിക്കുന്നുവോ ഇല്ലയോ എന്നതാണ്. ദൈവത്തിന്റെ വ്യവസ്ഥയിൽ നമ്മുടെ ചെയ്തിയല്ല വിഷയം; അത് തികച്ചും നമ്മുടെ ആളത്തത്തിന്റെ വിഷയമാണ്. അത് നാം എന്താകുന്നു എന്നതിന്റെ വിഷയമാണ്. നാം എന്താകുന്നു എന്നത് ദിനംപ്രതി നാം ഏതു ജീവനെ അനുസരിച്ചു ജീവിക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു.

Thu

### ജീവപ്രമാണത്തിലേക്ക് പ്രത്യുദ്ധരിക്കപ്പെടുന്നത്

പ്രാചീന കാലങ്ങളിൽ യിസ്രായേൽജനം ദൈവത്തിന്റെ ന്യായപ്രമാണം എന്ന കേന്ദ്രം വിട്ടുപോയതുനിമിത്തം അവരെ മടക്കിക്കൊണ്ടുവരുവാൻ ദൈവം പ്രവാചകന്മാരെ അയച്ചു. ഇന്ന് മിക്ക ക്രിസ്ത്യാനികളും ജീവന്റെ പ്രമാണം എന്ന ദൈവത്തിന്റെ കേന്ദ്രത്തിൽനിന്നും അകലെയാണ്. അതുകൊണ്ട്, അധഃപതിച്ചുപോയ ക്രിസ്ത്യനികളെ അഭിഷേകത്തിലേക്ക് മടക്കി വിളിച്ചുകൊണ്ട് യോഹന്നാന്റെ ഒന്നാം ലേഖനം എഴുതപ്പെട്ടു.

ജീവപ്രമാണം ഒരു അടിസ്ഥാന വിഷയമാണ്. അത് അടിസ്ഥാനപരമായതുകൊണ്ട്, അടിസ്ഥാന ഉപദേശങ്ങളുടെ ഒരു പുസ്തകമായ റോമാലേഖനത്തിൽ അത് പ്രസ്താവിച്ചിരിക്കുന്നു. നേരേമറിച്ച്, അഭിഷേകം അടിസ്ഥാന പുസ്തകങ്ങളിലൊന്നും പ്രസ്താവിച്ചിട്ടില്ല. പകരം, അത് അധഃപതനത്തോട് ഇടപെടുന്ന ഒരു പുസ്തകത്തിൽ പ്രസ്താവിച്ചിരിക്കുന്നു, കാരണം അനേകം ക്രിസ്ത്യാനികൾ എതിർക്രിസ്തുക്കളുടെ ഉപദേശങ്ങളാൽ വ്യതിചലിച്ചുപോയി. യോഹന്നാന്റെ ഒന്നാം ലേഖനത്തിൽ അഭിഷേകത്തിനുവേണ്ടി കരുതണമെന്ന് യോഹന്നാൻ അവരോടു പറഞ്ഞു. യോഹന്നാൻ ഇപ്രകാരം പറയുന്നതായി തോന്നുന്നു "എന്തു ചെയ്യണമെന്നും എവിടെ പോകണമെന്നും അഭിഷേകം നിങ്ങളോടു പറയുന്നു. എതിർക്രിസ്തുക്കളുടെ ഉപദേശം ശ്രവിക്കരുത്—അഭിഷേകത്തെ അനുസരിക്കുക. അഭിഷേകം നിങ്ങളെ ജീവപ്രമാണത്തിലേക്ക് മടക്കിക്കൊണ്ടുവരും." 1 യോഹന്നാൻ 2 നമ്മെ റോമർ 8-ലേക്ക് മടക്കിക്കൊണ്ടുവരുന്നു. എന്നാൽ നാം വാസ്തവമായി റോമർ 8-ൽ ജീവിക്കുന്നവരാണെങ്കിൽ, നമുക്ക് 1 യോഹന്നാൻ 2-ന്റെ ആവശ്യമില്ല. അതുപോലെ, യിസ്രായേല്യർ ദൈവത്തിന്റെ ന്യായപ്രമാണത്തിൽനിന്നും വഴിമാറിപ്പോയിരുന്നില്ലെങ്കിൽ, പ്രവാചകന്മാരുടെ ആവശ്യം ഉണ്ടാകുമായിരുന്നില്ല. ഇപ്പോൾ മുതൽ, നാം അഭിഷേകത്തിനനുസരിച്ചുമാത്രം നീങ്ങിയാൽ പോരാ, നാം ജീവന്റെ പ്രമാണമനുസരിച്ച് ജീവിക്കണം.

ദൈവം തന്റെ പ്രകൃതത്തിനുവേണ്ടി കരുതുന്നു, എന്നാൽ അവന്റെ സാന്നിധ്യം നമ്മുടെ സുരക്ഷയാണ്. ദൈവത്തിന്റെ പ്രകൃതം നമ്മുടെ ഉള്ളിലുണ്ട്, നാം അതിനനുസരിച്ചു ജീവിക്കണം. ജീവപ്രമാണമനുസരിച്ച് നാം ജീവിക്കണമെന്നാണ് അത് അർഥമാക്കുന്നത്. എങ്കിലും, നാം പലപ്പോഴും വ്യതിചലിച്ചുപോകുന്നു. വ്യതിചലനത്തിന്റെ സമയങ്ങളിൽ ദൈവത്തിന്റെ സാന്നിധ്യം നമ്മുടെമേൽ ജാഗരിക്കുകയും, നമ്മെ നിരീക്ഷിക്കുകയും, നമുക്ക് മുന്നറിയിപ്പു നൽകുകയും ചെയ്യും. നാം ജീവന്റെ പ്രമാണത്തിൽനിന്നും വഴിതിരിഞ്ഞുപോകുന്നുവെങ്കിൽ, അഭിഷേകം "അരുത്!" എന്ന് പറയും, "കർത്താവേ, ഞാൻ മാനസാന്തരപ്പെടുന്നു" എന്നു നാം പറഞ്ഞാൽ ജീവപ്രമാണത്തിലേക്കു തിരിച്ചുപോകുവാൻ അഭിഷേകം നമ്മോടു പറയും. ജീവപ്രമാണമനുസരിച്ച് നാം ജീവിക്കുകയും അഭിഷേകമനുസരിച്ച് നാം നീങ്ങുകയും ചെയ്യണമെന്ന് മുമ്പുള്ള ഒരു ദൂതിൽ ഞാൻ പറഞ്ഞിരുന്നു. നമ്മെ വഴികാട്ടുകയും, നമ്മെ തിരുത്തുകയും, നമ്മെ തന്റെ പ്രകൃതത്തിലേക്ക് മടക്കിക്കൊണ്ടുവരുകയും ചെയ്യുന്ന ദൈവത്തിന്റെ സാന്നിധ്യത്തെ അഭിഷേകം പ്രതിനിധീകരിക്കുന്നു. നാം ജീവപ്രമാണമനുസരിച്ച് ജീവിക്കണം. ഇത് അർഥമാക്കുന്നത് ദൈവപ്രകൃതമനുസരിച്ച് നാം ജീവിക്കുകയും നടക്കുകയും ചെയ്യണമെന്നാണ്.

എന്തുകൊണ്ടാണ് അഭിഷേകത്തിന്റെ വിഷയം ഗ്രഹിക്കുവാൻ എളുപ്പവും, എന്നാൽ ജീവപ്രമാണത്തിലേക്കു കടക്കുവാൻ പ്രയാസവുമായിരിക്കുന്നത്? ഒരു സഹോദരനെ അവന്റെ സാന്നിധ്യത്താൽ അറിയുവാൻ എളുപ്പമാണ്. ഒരു ചെറിയ നോട്ടം കൊണ്ടുപോലും അവന്റെ സാന്നിധ്യത്തെ എളുപ്പത്തിൽ തിരിച്ചറിയുവാൻ നമുക്കു കഴിയും. എന്നാൽ അവന്റെ പ്രകൃതത്തിലേക്കു കടക്കുവാൻ വളരെ സമയമെടുക്കുന്നു. ഒരുപക്ഷേ അവനോടുകൂടെ അനേകം വർഷങ്ങൾ ജീവിച്ച അവന്റെ ഭാര്യ മാത്രമായിരിക്കും അവന്റെ പ്രകൃതത്തിലേക്കു കടന്ന ഒരേ ഒരാൾ. ഈ സഹോദരന്റെ മുഖം നമുക്കറിയാമായിരിക്കാം, എന്നാൽ അവന്റെ പ്രകൃതം നമുക്കറിയില്ല. ഇതേ രീതിയിൽ, ദൈവത്തിന്റെ സാന്നിധ്യം മനസ്സിലാക്കുവാൻ എളുപ്പമാണ്, എന്നാൽ നമ്മുടെ ആളത്തത്തിൽ അവന്റെ പ്രകൃതത്തെ അറിയുന്നത് പ്രയാസമാണ്. ദൈവസാന്നിധ്യത്തിൽ നടക്കുവാൻ ജനത്തോട് പറയുകമാത്രം ചെയ്യുന്നത് ഏറെക്കുറെ സ്വാഭാവികവും മതപരവുമാണ്. അതു ജീവനല്ല. എന്നാൽ നമ്മുടെ ആളത്തത്തിൽ ദൈവത്തിന്റെ പ്രകൃതത്തെ അറിയുന്നതും അതിനനുസരിച്ച് ജീവിക്കുന്നതും അത്യന്തം ആഴമുള്ളതാണ്. ഇതാണ് ദൈവം ആഗ്രഹിക്കുന്നത്.

## ദൈവത്തിന്റെ ചിന്താഭാരം

നാം എന്തു ചെയ്യുന്നു എന്നതിനോട് ദൈവം ആശങ്കപക്കപ്പെടുന്നില്ല; നമ്മുടെ ഉള്ളിലുള്ള അവന്റെ പ്രകൃതമനുസരിച്ച് നാം എന്തായിരിക്കുന്നു എന്നതിനോട് അവൻ ആശങ്കപ്പെടുന്നു. നമ്മുടെ ഭാര്യമാരോട് നാം എന്തു പറയുന്നുവെന്ന് അവൻ അത്രയൊന്നും ശ്രദ്ധിക്കുന്നില്ല, എന്നാൽ ഏതു ജീവനാൽ നാം അവരോടു സംസാരിക്കുന്നു എന്ന് അവൻ ശ്രദ്ധിക്കുന്നു. എന്തു പ്രകൃതമനുസരിച്ചാണ് നിങ്ങളുടെ ഭാര്യയോട് നിങ്ങൾ സംസാരിക്കുന്നത്? "പ്രിയേ, ഞാൻ നിന്നെ സ്നേഹിക്കുന്നു" എന്ന് ചിലപ്പോൾ നിങ്ങൾ പറഞ്ഞേക്കാം. ഇതൊരു നല്ല വാക്കാണെങ്കിലും, അതു പറയുന്നതിൽ നിങ്ങൾ രാഷ്ട്രീയം കളിക്കുന്നുണ്ടായിരിക്കും. രാഷ്ട്രീയപരമായ ഏതു സംസാരവും, അതു സ്നേഹത്തെക്കുറിച്ചാണെങ്കിൽപോലും, അത് ജീർണ്ണിച്ച തേൻ പോലെയാണ്, കാരണം അത് നമ്മുടെ മലിനമായ പ്രകൃതത്തിൽനിന്നും ഉത്ഭവിക്കുന്നു. അത് നിങ്ങളുടെ ആളത്തത്തിലുള്ള ദിവ്യപ്രകൃതത്തിൽനിന്നും പുറപ്പെടുന്നില്ല. അതുപോലെ, നിങ്ങൾ സുവിശേഷ വയലിൽ പോകുന്നുവോ ഇല്ലയോ എന്ന് ദൈവം ശ്രദ്ധിക്കുന്നില്ല. ഏതു ജീവനാൽ നിങ്ങൾ സുവിശേഷ വയലിൽ പോകുന്നു എന്നതിനെക്കുറിച്ച് അവൻ ശ്രദ്ധിക്കുന്നു. എന്റെ ആളത്തത്തിലുള്ള ദിവ്യപ്രകൃതം പോകാൻ എന്നെ അനുവദിക്കാത്തതുകൊണ്ട്, പാപകരമായ ഒരു സ്ഥലത്തും ഞാൻ പോകുന്നില്ല.

മതത്തിനും ചട്ടങ്ങൾക്കുമനുസരിച്ച് ഞാൻ ജീവിക്കുന്നില്ല; എന്റെ ആളത്തത്തിലുള്ള ദിവ്യപ്രകൃതമനുസരിച്ച് ഞാൻ ജീവിക്കുന്നു. ദിവ്യപ്രകൃതമനുസരിച്ച് നാൾതോറും നാം ജീവിക്കുമ്പോൾ, നാം ക്രിസ്തുവിനാൽ സാന്ദ്രീകരിക്കപ്പെടുകയും, അവന്റെ സ്വരൂപത്തോട് രൂപാന്തരപ്പെടുകയും ചെയ്യും. ലാബാന്റെ വീട്ടിലായിരുന്ന ഇരുപതു വർഷക്കാലം യാക്കോബ് യാതൊന്നും ചെയ്തില്ല, എന്നാൽ അവൻ വളരെ അധികം രൂപാന്തരത്തിലൂടെ കടന്നുപോയി. യാക്കോബ് പെട്ടെന്ന് രൂപാന്തരപ്പെടുകയായിരുന്നില്ല; അതിന് ഇരുപതിലധികം വർഷമെടുത്തു.

സഭാസേവനം എന്നത് കേവലം അഭിഷേകമനുസരിച്ച് സേവിക്കുകയും, വ്യവസ്ഥിതിയനുസരിച്ച് സേവിക്കാതിരിക്കുകയും ചെയ്യുക എന്നതല്ല. നമ്മുടെ സേവനം ഇങ്ങനെ മാത്രമാണെങ്കിൽ, താമസിയാതെ നാം അന്യോന്യം പോരടിക്കുന്നവരാകും. കസേരകൾ വൃത്തിയാക്കുന്ന കാര്യത്തിൽപോലും നാം പോരാടുന്നുണ്ടാകും. "ഇത് എന്റെ മേഖലയാണെന്ന് നിനക്കറിയില്ലേ? ഇതിനെ തൊടരുത്, എന്നെ ശല്യപ്പെടുത്തുക യുമരുത്. വൃത്തിയാക്കുവാൻ മറ്റൊരിടത്ത് പോകുക" എന്ന് ഒരു സഹോദരൻ പറഞ്ഞേക്കാം. ഈ സഹോദരന്റെ വൃത്തിയാക്കുന്ന രീതി മലിനമാക്കപ്പെട്ട പ്രകൃതത്തിനനുസരിച്ചാണ്. അവൻ അഭിഷേകത്താൽ അയയ്ക്കപ്പെട്ടവനാകാമെങ്കിലും, അവൻ വൃത്തിയാക്കുന്നത് അവന്റെ വീണുപോയ പ്രകൃതത്തിനനുസ രിച്ചാണ്. അഭിഷേകത്തെ അനുഗമിക്കുന്നത് ജീവപ്രമാണമനു സരിച്ച് ജീവിക്കുന്നതുപോലെ അത്ര പ്രധാനമല്ല. യോഗസ്ഥലം വൃത്തിയാക്കുവാൻ നാമെല്ലാവരും അഭിഷേകത്താൽ അയയ്ക്ക പ്പെട്ടേക്കാം, എന്നാൽ അപ്പോഴും നമ്മുടെ ഇടയിൽ യാതൊരു കെട്ടുപണിയും ഇല്ലാതിരിക്കാം. ഓരോരുത്തനും സ്വതന്ത്രനാ യിത്തീരുകയും, "എന്നെ ശല്യപ്പെടുത്തരുത്. ഞങ്ങൾ പുതിയ സഭാസേവനത്തിലാണ്. പഴയ സേവനത്തിൽ ഞങ്ങൾക്ക് ഒരു ക്രമവും ഒരു അനുക്രമവും ഉണ്ടായിരുന്നു. ആ ക്രമമനുസരിച്ച് ഞാൻ ഒടുക്കത്തവനായിരുന്നു, അതുകൊണ്ട് എനിക്കൊന്നും പറയുവാൻ കഴിഞ്ഞിരുന്നില്ല. എന്നാൽ ഇപ്പോൾ ഞാൻ എല്ലാവരെയുംപോലെയാണ്. എന്തു ചെയ്യണമെന്ന് എന്നോടു പറയാതിരിക്കുക. ഞാൻ നിനക്കു കീഴിലല്ല—ഞാൻ അഭിഷേ കത്തിൻകീഴിലാണ്" എന്നു പറയുകയും ചെയ്തേക്കാം. ഈ മനോഭാവം പെട്ടെന്നു പുറത്തു വരുന്നില്ലെങ്കിലും, ചില ആഴ്ചകൾക്കുശേഷം അതു പുറത്തുവരും. അഭിഷേകത്തെ പിന്തുടരുന്നുവെന്ന് അവകാശപ്പെടുകയും, എന്നാൽ ജീവപ്രമാണ മനുസരിച്ച് ജീവിക്കാതിരിക്കുകയും ചെയ്യുന്ന ഒരു സഹോദരൻ, "ഞങ്ങൾ സംഘടനയിലല്ല—ഞങ്ങൾ ജൈവരൂപത്തിലാണ്" എന്ന് പറഞ്ഞേക്കാം. എന്നാൽ ഇത് മലിനമാക്കപ്പെട്ട പ്രകൃതത്തിന്റെ

"ജൈവരൂപം" ആണ്. ഈ രീതിയിൽ നാം ജീവിക്കുന്നുവെങ്കിൽ, കെട്ടുപണി ഉണ്ടായിരിക്കുവാൻ കഴിയുകയില്ല. അഭിഷേകമെന്നു വിളിക്കപ്പെടുന്നതിൽനിന്നും കെട്ടുപണി വരുന്നു എന്നു പറയുന്ന ഒരു വാക്യം പുതിയനിയമത്തിൽ കണ്ടെത്തുവാൻ കഴിയുകയില്ല. എന്നാൽ ജീവന്റെ വളർച്ചയിൽനിന്നും കെട്ടുപണി വരുന്നുവെന്ന് റോമാലേഖനത്തിലും എഫെസ്യലേഖനത്തിലും നാം കാണുന്നു. നാം എത്രയധികം വളരുന്നുവോ, അത്രയധികം കെട്ടുപണി നാം കാണും.

നമുക്കെങ്ങനെ ജീവനിൽ വളരുവാൻ കഴിയും? ക്രിസ്തുവിൽ വസിക്കുവാൻ നമ്മെ ഉപദേശിക്കുന്ന അഭിഷേകം അനുസരിക്കുന്നതിനാൽ. ക്രിസ്തുവിൽ വസിക്കുന്നത് അവന്റെ പ്രകൃതമനുസരിച്ച് ജീവിക്കുന്നതാണ്. അവന്റെ പ്രകൃതം നമ്മുടെ ഉള്ളിൽ വേല ചെയ്യുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. നാം കണ്ടതുപോലെ, ജീവപ്രകൃതത്തിന്റെ പ്രവർത്തനമാണ് ജീവപ്രമാണം. നാം എത്രയധികം ഈ ജീവപ്രമാണമനുസരിച്ച് ജീവിക്കുന്നുവോ, അത്രയധികം നാം ദൈവം ആഗ്രഹിക്കുന്ന തരത്തിലുള്ള ആളത്തമായിത്തീരുന്നു.

## ദൈവത്തിന്റെ വേലയുടെ പരിണതി

വേദപുസ്തകമനുസരിച്ച്, നൂറ്റാണ്ടുകളിലുടനീളമുള്ള ദൈവത്തിന്റെ വേല പുതിയ യെരൂശലേമിൽ പരിണതി പ്രാപിക്കും. അത് ഒരു വേലയിൽ പരിണതി പ്രാപിക്കുകയില്ല, കാരണം പുതിയ യെരൂശലേമിൽ വേലയൊന്നും ഉണ്ടായിരിക്കുകയില്ല. പുതിയ യെരൂശലേം ദൈവത്തിന്റെ സ്വരൂപം വഹിക്കുന്ന ഒരു അസ്തിത്വമായിരിക്കും. ഇക്കാരണത്താൽ പുതിയ യെരൂശലേം എന്ന അസ്തിത്വം തന്നെ ദൈവത്തിന്റെ ആവിഷ്കാരമായിരിക്കും. ഇന്ന് സഭാജീവിതം പുതിയ യെരൂശലേമിന്റെ ഒരു ചെറുപതിപ്പായിരിക്കണം.

വേലയ്ക്കുവേണ്ടി നാം വളരെയൊന്നും കരുതരുത്, എന്നാൽ നമ്മുടെ ആളത്തത്തിനു വേണ്ടി, നമ്മുടെ ഉള്ളിലുള്ള ദൈവപ്രകൃതമനുസരിച്ച് നാം എന്തായിരിക്കുന്നു എന്നതിനു വേണ്ടി നാം കരുതണം. "ഈ കഴിഞ്ഞ നാളുകളിൽ ആന്തരികമായ ജീവപ്രമാണമനുസരിച്ച് ഞാൻ ജീവിക്കുകയായിരുന്നു എന്നതിനായി ഞാൻ ദൈവത്തിന് സ്തോത്രം ചെയ്യുന്നു. കഴിഞ്ഞ രാത്രിയിൽ ഞാൻ ജീവപ്രമാണത്തിൽനിന്നും വ്യതിചലിക്കപ്പെട്ടു, എന്നാൽ അഭിഷേകം എന്നോട് ഇടപെടുകയും എന്റെ ഉള്ളിലുള്ള ദിവ്യപ്രകൃതത്തിലേക്ക് തിരിച്ചുപോകുവാൻ എന്നോട് പറയുകയും ചെയ്തു. കുറച്ചു മിനിട്ടുകൾക്കുശേഷം ഞാൻ തിരിച്ചുപോകുകയും, ഇപ്പോൾ ഒരിക്കൽക്കൂടെ ഞാൻ ജീവപ്രമാണമനുസരിച്ച് ജീവിക്കുകയും ചെയ്യുന്നു" എന്ന് ഒരു സഹോദരനോ

സഹോദരിയോ സാക്ഷ്യപ്പെടുത്തുന്നതു കേൾക്കുവാൻ ഞാൻ ഇഷ്ടപ്പെടുന്നു. "ഇന്നു രാവിലെ ഞാൻ എന്റെ ഭാര്യയോട് നല്ല രീതിയിലാണെങ്കിലും രാഷ്ട്രീയപരമായ രീതിയിൽ സംസാരിക്കുവാൻ തുടങ്ങി; എന്നാൽ എന്റെ സംസാരം എന്റെ ഉള്ളിലുള്ള ദൈവത്തിന്റെ ദിവ്യപ്രകൃതത്തോട് യോജിക്കാത്തതുകൊണ്ട്, ഒരു വാചകംപോലും പൂർത്തിയാക്കുവാൻ എനിക്കു കഴിഞ്ഞില്ല" എന്ന് ഒരു സഹോദരൻ സാക്ഷ്യപ്പെടുത്തുന്നതു കേൾക്കുവാനും ഞാൻ ഇഷ്ടപ്പെടുന്നു. ജീവപ്രമാണമനുസരിച്ച് ജീവിക്കുവാൻ പഠിക്കുക. നമ്മെ വഴികാട്ടുകയും, നമ്മെ തിരുത്തുകയും, ജീവപ്രമാണത്തിലേക്ക് നമ്മെ മടക്കിക്കൊണ്ടുവരുകയും ചെയ്യുന്ന ദൈവത്തിന്റെ സാന്നിധ്യമാണ് അഭിഷേകം. നമ്മെ രൂപാന്തരപ്പെടുത്തുവാൻ നമ്മിൽ പ്രവർത്തിക്കുന്നത് ജീവപ്രമാണമാണ്. സഭകളിലുള്ള സഹോദരന്മാരും സഹോദരിമാരും അവരുടെ ആളത്തത്തിലുള്ള ദൈവത്തിന്റെ ദിവ്യപ്രകൃതമനുസരിച്ച് ജീവിക്കുന്നുവെങ്കിൽ, കർത്താവിന് ഇന്ന് ഭൂമിയിൽ പ്രബലമായ ഒരു സാക്ഷ്യം ഉണ്ടായിരിക്കും. ഈ സാക്ഷ്യം ശത്രുവിനെ ലജ്ജിപ്പിക്കുകയും കർത്താവിനെ മടക്കിക്കൊണ്ടുവരുകയും ചെയ്യും. ഇതിനുവേണ്ടിയാണ് കർത്താവു കാത്തിരിക്കുന്നത്. ഇത് അഭിഷേകത്തെ പിന്തുടരുന്ന ഒരു കാര്യം മാത്രമല്ലെന്ന് നാം എല്ലാവരും കാണണം; ഇത് തികച്ചും ജീവപ്രമാണമനുസരിച്ച്, നമ്മുടെ ആളത്തത്തിലുള്ള ദിവ്യപ്രകൃതത്തിന്റെ പ്രവർത്തനമനുസരിച്ച് ജീവിക്കുന്ന ഒരു കാര്യമാണ്. ദൈവത്തിന്റെ പ്രകൃതം നമ്മുടെ ഉള്ളിൽ പ്രവർത്തിക്കുമ്പോൾ, നമ്മെ രൂപാന്തരപ്പെടുത്തുകയും ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സ്വരൂപത്തോട് നമ്മെ അനുരൂപപ്പെടുത്തുകയും ചെയ്യുകൊണ്ട്, അതു നമ്മെ അവനെപ്പോലെതന്നെയാക്കുന്നു. ഈ രീതിയിൽ, തന്റെ സംഘാത ആവിഷ്കാരത്തിനുവേണ്ടി ദൈവത്തിന് സമ്പൂർണ്ണ പുത്രത്വം ഉണ്ടായിരിക്കും.